പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

## ഡ്യൂട്ടിയിലിരിക്കെ പരിക്കപറ്റുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ചികിത്സ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1969 — 1/02/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.ഡി. ദേവസ്സി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| ഡ്യൂട്ടിയിലിരിക്കെ പരിക്ക പറ്റുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ചികിത്സയ്ക്ക് നിലിവിൽ എന്തെങ്കിലും സഹായ സൗകര്യങ്ങൾ ഏർപ്പെട്ടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൃത്യനിർവ്വഹണത്തിനിടെ ഗുരുതരമായി പരിക്ക പറ്റുന്ന പോലീസുകാർക്കാവശ്യമായ ചികിത്സയും സൗകര്യങ്ങളും ഏർപ്പെട്ടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ഉണ്ട്. കേരളാ പോലീസ് ആക്ട് 2011 റൂൾ 104 പ്രകാരം രൂപീകരിച്ചിട്ടുള്ള പോലീസ് വെൽഫയർ ബ്യൂറോയിൽ നിന്നും, പരിക്ക് പറ്റുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് അവരുടെ യൂണിറ്റ് തലവൻ മുഖാന്തിരം ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് അർഹമായ സാമ്പത്തിക സഹായം നൽകിവരുന്നു. പ്രസ്തുത ബ്യൂറോയുടെ ഫണ്ട് പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും മാസവിഹിതമായി ശേഖരിക്കുന്ന തുകയാണ്. അത്യാവശ്യ സാഹചര്യങ്ങളിൽ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിക്കുന്ന പ്രകാരം തുക നൽകിയ ശേഷം വെൽഫയർ ബ്യൂറോയുടെ തുടർന്ന് വരുന്ന മീറ്റിംഗിൽ അംഗീകാരം തേടുന്നു. ഇതു കൂടാതെ കേരളാ പോലീസ് വെൽഫയർ ആന്റ് അമിനിറ്റി ഫണ്ടിൽ നിന്നും സാമ്പത്തിക സഹായം ഗ്രാന്റ് ആയോ, പലിശ രഹിത വായ്പ ആയോ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ